# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് – അംഗൻവാടിക്ക് വഴി വീതി കൂട്ടുന്നതിനായി സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3458/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഡിസംബർ 28, 2009.

---

പരാമർശം: 1. വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 26-09-2009-ലെ III (13)-ാം നമ്പർ തീരുമാനം.

2. വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06-10-2009-ലെ പി.4/28/09-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന കോവളം XIX-ാം വാർഡിലെ 36-ാം നമ്പർ അംഗൻവാടിയുടെ വഴി വികസനത്തിനായി വെങ്ങാനൂർ വില്ലേജിൽ സർവ്വേ നമ്പർ 258/2-1-ൽപ്പെട്ട 0.5 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് 26-09-2009-ൽ III (13)-ാം നമ്പരായി തീരുമാനിക്കുകയും പരാമർശം (2)-ലെ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിയ്ക്കുകയും ചെയ്തു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ കോവളം XIX-ാം വാർഡിലെ 36-ാം നമ്പർ അംഗൻവാടിയുടെ വഴി വികസനത്തിനായി വെങ്ങാനൂർ വില്ലേജിൽ റീസർവ്വേ നമ്പർ 258/2-1-ൽപ്പെട്ട 0.5 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

1. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകളും ഉണ്ടായിരിക്കുന്നതല്ല.
2. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാകളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

(മറുപുറം)

3. അക്വിസിഷൻ സംബന്ധമായി 2000-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ലതാ പണിക്കർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.